**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3279** **08-10-2025 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ മലയോര ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | മലയോരഹൈവേയിൽ ഉൾപ്പെട്ട കോളിച്ചാൽ-ചെറുപുഴ റോഡ് കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മണ്ഡലത്തിലൂടെ കടന്നു പോകുന്നു. റോഡിന്റെ ആകെ നീളം 28.79 കിമീ ആണ്. ഇതിൽ 18. 25 കി.മീ. ഭാഗമാണ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഉൾപ്പെടുന്നത്. കോളിച്ചാൽ- ചെറുപുഴ റോഡ് പ്രവർത്തിക്കായി 26.05.2018 തീയതിയിൽ 88.13 കോടി രൂപയുടെ സാമ്പത്തികാനുമതിയും 19.12.2018 തീയതിയിൽ 82 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് 18.08.2021 തീയതിയിൽ 89.24 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും നൽകി. പ്രവർത്തി നടപ്പാക്കുന്നതിന് 05.03.2019 ന് 89.24 കോടി രൂപയ്ക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ - ഓപ്പറേറ്റീവ് സൊസൈറ്റിയുമായി കരാറിലേർപ്പെട്ടു. വനഭൂമി ഒഴിവാക്കി 25.59 കിലോ മീറ്റർ ഭാഗത്തെ റോഡിന്റെ നിർമ്മാണ പ്രവർത്തികളും മറ്റ് നവീകരണ പ്രവർത്തികളും 95% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>വനഭൂമിയിലൂടെയുള്ള 3.19 കി മീ മലയോര പാതയുടെ നിർമ്മാണത്തിനായി വനഭൂമി ലഭ്യമായിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ 12 മീറ്റർ വീതിയിൽ അതിർത്തി കല്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു.ഡി.പി.ആർ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇൻവസ്റ്റിഗേഷൻ പ്രവൃത്തികളുടെ ഭാഗമായി പ്രസ്തുത ഭാഗത്ത് നൂതന രീതി ഉപയോഗിച്ച് സർവ്വേ നടത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഇതുവരെ അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ? | (ബി) | മലയോരഹൈവേയിൽ ഉൾപ്പെട്ട കോളിച്ചാൽ-ചെറുപുഴ റോഡ് കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മണ്ഡലത്തിലൂടെ കടന്നു പോകുന്നു. റോഡിന്റെ ആകെ നീളം 28.79 കിമീ ആണ്. ഇതിൽ 18. 25 കി.മീ. ഭാഗമാണ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുന്നത്. കോളിച്ചാൽ- ചെറുപുഴ റോഡ് പ്രവർത്തിക്കായി 26.05.2018 തീയതിയിൽ 88.13 കോടി രൂപയുടെ സാമ്പത്തികാനുമതിയും 19.12.2018 തീയതിയിൽ 82 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് 18.08.2021 തീയതിയിൽ 89.24 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും നൽകി. പ്രവർത്തി നടപ്പാക്കുന്നതിന് 05.03.2019 ന് 89.24 കോടി രൂപയ്ക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ - ഓപ്പറേറ്റീവ് സൊസൈറ്റിയുമായി കരാറിലേർപ്പെട്ടു. വനഭൂമി ഒഴിവാക്കി 25.59 കിലോ മീറ്റർ ഭാഗത്തെ റോഡിന്റെ നിർമ്മാണ പ്രവർത്തികളും മറ്റ് നവീകരണ പ്രവർത്തികളും 95% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>വനഭൂമിയിലൂടെയുള്ള 3.19 കി മീ മലയോര പാതയുടെ നിർമ്മാണത്തിനായി വനഭൂമി ലഭ്യമായിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ 12 മീറ്റർ വീതിയിൽ അതിർത്തി കല്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു.ഡി.പി.ആർ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇൻവസ്റ്റിഗേഷൻ പ്രവൃത്തികളുടെ ഭാഗമായി പ്രസ്തുത ഭാഗത്ത് നൂതന രീതി ഉപയോഗിച്ച് സർവ്വേ നടത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ